ഉത്തരം

(എ ആന്റ് ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽനിന്ന് പുനർവിന്യസിച്ച് നിയമനം നടത്തുന്നതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഫസ്റ്റ് ഗ്രേഡ്, സെക്കൻഡ് ഗ്രേഡ്, തേർഡ് ഗ്രേഡ് എന്നിങ്ങനെ പ്രത്യേകം ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പ്രസ്തുത വകുപ്പുകളിൽനിന്ന് ലഭ്യമായ ഡ്രാഫ്റ്റ്സ്മാൻമാരിൽ ഫസ്റ്റ്, സെക്കന്റ് എന്നീ ഗ്രേഡിലുള്ളവരെ കഴിവതും ജില്ലാ/ബ്ലോക്കുപഞ്ചായത്തുകളിൽ നിയമിച്ചുവെന്നല്ലാതെ ഓരോ ഗ്രേഡിലും പ്രത്യേകം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

പഞ്ചായത്തുവകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി

109 [1686] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് മുതൽ സീനിയർ സൂപ്രണ്ട് വരെയുള്ള വിവിധ തസ്തികകളിലായി ആയിരത്തിലധികം ഒഴിവുകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) യഥാസമയം പ്രൊമോഷനുകൾ നടത്തി ഒഴിവുകൾ നികത്താത്തത് പഞ്ചായത്തുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 550 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് താഴെകൊടുക്കുന്നു:

തസ്തിക		ഒഴിവ്
എൽ.ഡി. ക്ലാർക്ക്	..	268
യു.ഡി. ക്ലാർക്ക്	..	205
ഹെഡ് ക്ലാർക്ക്	..	5
സെക്രട്ടറി ഗ്രാമപഞ്ചായത്ത്	..	10
ജൂനിയർ സൂപ്രണ്ട്	..	12
സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി	..	25
സീനിയർ സൂപ്രണ്ട്	..	25

(സി) ഇല്ല

(ഡി) ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly